"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്- പാലക്കാട് ജില്ലയിലെ അലനല്ലൂർ ഗ്രാമപഞ്ചായത്തിലെ ഭൂരഹിത പുനരധിവാസ പദ്ധതി നിർവ്വഹണത്തിലെ ക്രമക്കേട്- വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ശ്രീ. സുബൈർ.എം-നെതിരെയുള്ള അച്ചടക്ക നടപടി തീർപ്പാക്കി-ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇആർബി) വകുപ്പ്**

സ.ഉ.(സാധാ) നം.2896/2025/LSGD തീയതി,തിരുവനന്തപുരം, 01-12-2025

---

പരാമർശം:-

1. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 19/07/2023-ലെ E12 (PE-18/2022/PKD) 15631/2020/DVACB നമ്പർ കത്തും റിപ്പോർട്ടും.
2. ശ്രീ. സുബൈർ.എം-ന് നൽകിയ 25/03/2025 തീയതിയിലെ കുറ്റാരോപണ മെമ്മോയും കുറ്റാരോപണ പത്രികയും.
3. ശ്രീ. സുബൈർ.എം-ന്റെ 20/05/2025-ലെ പ്രതിവാദപത്രിക.
4. പ്രിൻസിപ്പൽ ഡയറക്ടറുടെ 30/08/2025-ലെ LSGD/PD/70903/2023-VIGC6 നമ്പർ കത്ത്.

**ഉത്തരവ്**

പാലക്കാട് ജില്ലയിലെ അലനല്ലൂർ ഗ്രാമപഞ്ചായത്തിൽ 2014-2020 കാലയളവിൽ നടപ്പിലാക്കിയ ഭൂരഹിത പുനരധിവാസ പദ്ധതി നിർവ്വഹണത്തിലെ ക്രമക്കേടുകൾ സംബന്ധിച്ച പരാതിയിൽ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ അന്വേഷണത്തിൽ, ടി പദ്ധതി പ്രകാരം ലഭ്യമായ ഭൂമിയിൽ ഭവന നിർമ്മാണത്തിന് സർക്കാർ ധനസഹായം കൈപ്പറ്റിയ ശ്രീ.സുനിൽദാസ്, ശ്രീ.അനിൽകുമാർ എന്നിവർ, അനുവദിക്കപ്പെട്ട ഭൂമിയിൽ വീട് വയ്ക്കുന്നതിനു പകരം ടിയാന്മാരുടെ അച്ഛന്റെ പേരിലുള്ള ഭൂമിയിൽ വീട് വച്ചതായുള്ള ക്രമക്കേട് കണ്ടെത്തുകയും, വ്യക്തമായ പരിശോധന നടത്താതെ ഇരുവർക്കും ഭവന നിർമ്മാണത്തിന് 3,40,000/- രൂപ വീതം അനധികൃതമായി അനുവദിച്ചതിന് ഉത്തരവാദിയായ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ശ്രീ.സുബൈർ.എം-നെതിരെ ഉചിതമായ വകുപ്പുതല നടപടി സ്വീകരിക്കണമെന്നും, ഇരുവർക്കും അനുവദിച്ച തുക തിരികെ ഈടാക്കുന്നതിനും വിജിലൻസ് ഡയറക്ടർ പരാമർശം (1) പ്രകാരം ശിപാർശ ചെയ്യുകയുണ്ടായി.

2) വിജിലൻസ് ഡയറക്ടറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ആരംഭിച്ച അച്ചടക്ക നടപടിയുടെ ഭാഗമായി ശ്രീ.സുബൈർ.എം-ന് പരാമർശം (2) പ്രകാരം കുറ്റപത്രവും കുറ്റാരോപണ പത്രികയും നൽകുകയും, തുടർന്ന് പരാമർശം (3) പ്രകാരം ശ്രീ.സുബൈർ.എം പ്രതിവാദ പത്രിക സമർപ്പിക്കുകയും ചെയ്തിരുന്നു. ടി ഗുണഭോക്താക്കൾക്ക് തുക അനുവദിക്കുന്നതിന് മുൻപ് നടത്തിയ സ്ഥല പരിശോധനയുടെ ഭാഗമായി അപേക്ഷകർ കാണിച്ചു തന്ന സ്ഥലം എന്നത് അപേക്ഷയോടൊപ്പം ഹാജരാക്കിയ രേഖകളുമായി ബന്ധപ്പെട്ട സ്ഥലം ആയിരുന്നില്ല എന്നും, ടിയാളുകൾക്ക് ഭൂരഹിത പുനരധിവാസ പദ്ധതി പ്രകാരം ലഭിച്ച ഭൂമിയാണെന്ന് അപേക്ഷകർ മനഃപൂർവം തെറ്റിദ്ധരിപ്പിച്ച്

ആനുകൂല്യം നേടിയെടുക്കുകയാണുണ്ടായത് എന്നും, വസ്തുവിന്റെ ആധാരം ഹാജരാക്കാത്തതിനാൽ വസ്തു സംബന്ധിച്ച് പരിശോധിച്ച് ഉറപ്പ് വരുത്തുവാൻ സാധിച്ചിരുന്നില്ലെന്നും, ശ്രീ.സുബൈർ.എം ബോധിപ്പിക്കുകയും, ഗുണഭോക്താക്കളെ വിശ്വാസത്തിലെടുത്തതിനാൽ സംഭവിച്ച മന:പൂർവമല്ലാത്ത വീഴ്ചയായതിനാലും, സർക്കാരിന്റെ ധനം ദുർവിനിയോഗം ചെയ്യുകയോ ധനാപഹരണമോ മറ്റു ക്രമക്കേടുകളോ ചെയ്തിട്ടില്ലാത്തതിനാൽ അച്ചടക്ക നടപടികളിൽ നിന്ന് ഒഴിവാക്കണമെന്ന് ടിയാൻ തന്റെ പ്രതിവാദ പത്രികയിലൂടെയും ടിയാനെ നേരിൽ കേട്ടപ്പോഴും അപേക്ഷിക്കുകയുണ്ടായി.

3) പ്രതിവാദപത്രികയിന്മേൽ പരാമർശം (4) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ സമർപ്പിച്ച റിപ്പോർ ട്ടിൽ , ലൈഫ് മിഷൻ പദ്ധതി പ്രകാരം ടിയാളുകൾക്ക് ധനസഹായം ലഭിക്കുന്നതിന് അർഹതയുള്ള വ്യക്തികളാണെന്ന് കാണുന്നു എന്നും, എന്നാൽ അപേക്ഷകർ നിർവ്വഹണ ഉദ്യോഗസ്ഥനുമായി കരാറിൽ ഏർപ്പെടുന്ന സമയത്ത്, കെട്ടിട നിർമ്മാണ നിരാക്ഷേപ പത്രത്തോടൊപ്പം ടിയാളുകളുടെ ആധാരത്തിന്റെ പകർപ്പും വി.ഇ.ഒ-യ്ക്ക് ലഭ്യമാക്കിയിട്ടുള്ളതായി കാണുന്നതായും, ടി ആധാരത്തിലെ വസ്തു വിവരപട്ടികയിൽ ടി സ്ഥലത്തിന്റെ നാല് അതിർത്തികൾ രേഖപ്പെടുത്തിയിട്ടുള്ളതിനാൽ ആയത് പരിശോധിച്ച് ശ്രീ.സുനിൽദാസ്, ശ്രീ.അനിൽകുമാർ എന്നീ ഗുണഭോക്താക്കൾക്ക് പഞ്ചായത്തിൽ നിന്നും കെട്ടിട നിർമ്മാണത്തിന് അനുമതി ലഭിച്ച സ്ഥലമാണോയെന്ന് ഉറപ്പു വരുത്താമായിരുന്നു എന്നും, എന്നാൽ ആയത് ഉറപ്പുവരുത്തുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചതായോ ഭൂമി സംബന്ധിച്ച് എന്തെങ്കിലും തരത്തിലുള്ള സംശയം ഉള്ളതായോ നിർവ്വഹണ ഉദ്യോഗസ്ഥനായ ശ്രീ.സുബൈർ.എം ഫയലുകളിൽ രേഖപ്പെടുത്തിയിട്ടില്ല എന്നും ആയതിനാൽ തന്നെ ഭവന നിർമ്മാണം നടത്തുന്നതിന് ധനസഹായം അനുവദിച്ചതിൽ വില്ലേജ് എസ്റ്റൻഷൻ ഓഫീസർ ശ്രീ. സുബൈർ.എം-ന് വീഴ്ച സംഭവിച്ചിട്ടുള്ളതായി പ്രിൻസിപ്പൽ ഡയറക്ടർ അഭിപ്രായപ്പെടുകയുണ്ടായി.

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ.സുനിൽദാസ്, ശ്രീ.അനിൽ കുമാർ എന്നീ ഗുണഭോക്താക്കൾക്ക് പഞ്ചായത്തിൽ നിന്നും കെട്ടിട നിർമ്മാണത്തിന് അനുമതി ലഭിച്ച ഭൂമി സംബന്ധിച്ച് യാതൊരു തരത്തിലുള്ള പരിശോധനയും, സംശയവും ഇല്ലാതെയാണ് നിർവ്വഹണ ഉദ്യോഗസ്ഥനായ ശ്രീ.സുബൈർ.എം ഭവന നിർമ്മാണത്തിന് ധനസഹായം അനുവദിച്ചിട്ടുള്ളത് എന്നത് വ്യക്തമായിട്ടുണ്ട്. ആയത് കൃത്യനിർവ്വഹണത്തിൽ ടിയാന്റെ ഭാഗത്ത് നിന്നുണ്ടായ ജാഗ്രത കുറവും കൃത്യവിലോപവുമാണ്.

5) മേൽ സാഹചര്യത്തിൽ അലനല്ലൂർ ഗ്രാമപഞ്ചായത്തിൽ 2014-2020 കാലയളവിൽ നടപ്പിലാക്കിയ ഭൂരഹിത പുനരധിവാസ പദ്ധതി ഗുണഭോക്താക്കൾക്ക് പഞ്ചായത്തിൽ നിന്നും കെട്ടിട നിർമ്മാണത്തിന് അനുമതി ലഭിച്ച സ്ഥലത്താണോ ഭവന നിർമ്മാണമെന്ന് ഉറപ്പുവരുത്താതെ ഭവന നിർമ്മാണം നടത്തുന്നതിന് ധനസഹായം അനുവദിച്ചതുമായി ബന്ധപ്പെട്ട് ടി പഞ്ചായത്തിലെ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ശ്രീ. സുബൈർ.എം- നെതിരെ 1960 ലെ കെസിഎസ് (സിസി&എ) ചട്ടം 16-ലെ പ്രകാരം സ്വീകരിച്ച അച്ചടക്ക നടപടി റൂൾ 11(iii) പ്രകാരം ടിയാളുടെ വാർഷിക ശമ്പള വർദ്ധനവ് സഞ്ചിത ഫലമില്ലാതെ രണ്ടു വർഷത്തേയ്ക്ക് തടഞ്ഞുകൊണ്ട് തീർപ്പാക്കി ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
റഷീദാ എസ്
ജോയിന്റ് സെക്രട്ടറി

1) ശ്രീ. സുബൈർ.എം, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, അലനല്ലൂർ

ഗ്രാമപഞ്ചായത്ത് (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

2) പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്

3) വിജിലൻസ് വകുപ്പ് (Vig-E5/76/2022/Vig dated 19/11/2025)

4) വിജിലൻസ് ഡയറക്ടർ, തിരുവനന്തപുരം ((PE-18/2022/PKD) 15631/2020/DVACB തീയതി 19/07/2023)

5) പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം

6) ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

7) വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂമീഡിയ) വകുപ്പ്

8) സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Dipukumar S L
Date: 01-12-2025 13:40:58

സെക്ഷൻ ഓഫീസർ